പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.2216

15.7.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പത്തനംതിട്ട ജില്ലയിൽ മലയോര കൈവശ കൃഷിക്കാരുടെ പട്ടയം നൽകുന്നതിനുള്ള നടപടി

ചോദ്യം
ശ്രീ.രാജു എബ്രഹാം

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പത്തനംതിട്ട ജില്ലയിൽ 1.1.1977-ന് മുമ്പുള്ളതും സംയുക്ത പരിശോധന പൂർത്തീകരിച്ചതുമായ മലയോര കൈവശ കൃഷിക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) പത്തനംതിട്ട ജില്ലയിൽ 1.1.77നു മുമ്പുള്ള കൈവശ കൃഷിക്കാരുടെ 1994 ഹെക്ടർ സ്ഥലത്തിന് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകാനുണ്ട്. ആയതിന്റെ ഭാഗമായി വനഭൂമി വിട്ടുകിട്ടുന്നതിന് ജില്ലാ കളക്ടറും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും സംയുക്തമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആയതിനുള്ള സർവ്വെ ജോലികൾ നടന്നു വരുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ 1.1.77നു മുമ്പുള്ള കൈവശ കൃഷിക്കാരിൽ കോഴഞ്ചേരി താലൂക്കിൽ 296 പേർക്കും റാന്നി താലൂക്കിലെ പമ്പാവാലിയിൽ 656 പേർക്കും പട്ടയം വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) പത്തനംതിട്ട ജില്ലയിലെ മലയോര കൈവശ കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനായി 8000 ഏക്കർ റവന്യൂ ഭൂമി ഇടുക്കി ജില്ലയിലെ മൂന്നാർ-കമ്പക്കല്ലിൽ വനം വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവായത് എന്നാണ് ; ഇതിന്റെ കോപ്പി ലഭ്യമാക്കാമോ ; | (ബി) ഇടുക്കി ജില്ലയിലെ മൂന്നാർ-കമ്പക്കല്ലിൽ 8000 ഏക്കർ ഭൂമി, വനം വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവുള്ളതായി അറിവില്ല. ഇടുക്കി ജില്ലയിലെ കമ്പക്കല്ലിൽ നീലക്കുറിഞ്ഞി സാങ്ചറിക്കായി മാറ്റിവച്ചിട്ടുള്ള 8000 ഏക്കർ ഭൂമി പരിഹാര വനവത്കരണത്തിനുള്ള ഭൂമിയായി കണക്കാക്കി കേന്ദ്രാനുമതി വാങ്ങുന്നതിന് റവന്യൂ-വനം വകുപ്പ് സംയുക്തമായി അപേക്ഷ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള 31.8.2009-ലെ സ.ഉ.(എം.എസ്സ്)346/09/റവന്യൂ, സ.ഉ.(എം.എസ്സ്)347/09/റവന്യൂ, നമ്പർ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

| | |
|---|---|
| (സി) പ്രസ്തുത ഉത്തരവിനെ തുടർന്ന് പട്ടയം നൽകേണ്ട വസ്തുക്കളെ സംബന്ധിച്ച് സർവ്വെ വിഭാഗം നടത്തിയ സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം ലഭ്യമാക്കുമോ ; ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) ആകെ 5333 കൈവശങ്ങൾ അളന്ന് തിട്ടപ്പെടുത്തുവാനുണ്ട്. 1363 കൈവശങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ഓഫീസ് പ്രോസസ് പുരോഗമിച്ചു കൊണ്ടിരിക്കുന്നു. സർവ്വെ നടത്തുന്നതിന് സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടപടി നടന്നു വരുന്നു. |
| (ഡി) ഏതൊക്കെ പ്രദേശങ്ങളിലാണ് സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ; | (ഡി) ചിറ്റാർ, സീതത്തോട് വില്ലേജിലെ കൊടുമുടി, പാമ്പിനി, അത്തിക്കയം, വില്ലൂന്നിപ്പാറ, മൺപിലാവ്, കൊച്ചുകോയിക്കൽ, തേക്കുംമൂട്, പുലയൻപാറ, ഗുരുനാഥൻമണ്ണ് എന്നിവയും വടശ്ശേരിക്കര വില്ലേജിലെ ഒളികല്ല്, കട്ടച്ചിറ എന്നിവയുടെയും സർവ്വെ പൂർത്തിയാക്കി. |
| (ഇ) ഇനിയും ഏതൊക്കെ പ്രദേശങ്ങളിലെ സർവ്വെ നടപടികളാണ് പൂർത്തികരിക്കാനുള്ളത് എന്ന് വില്ലേജ് (പഞ്ചായത്ത്) തിരിച്ച് പ്രദേശത്തിന്റെ പേര് സഹിതം വ്യക്തമാക്കുമോ; | (ഇ) ചിറ്റാർ സീതത്തോട് വില്ലേജിലെ മണക്കയം, ആങ്ങമൂഴി, നീലിപ്ളാവ്, തേരകത്ത്മണ്ണ്, മീൻകുഴി, കൊച്ചാണ്ടി, ആനപ്പാറ, 3-ാം ബ്ളോക്ക് 4-ാം ബ്ളോക്ക്, കോട്ടകുഴി, ഭയങ്കരമൂഴി, 22-ാം ബ്ളോക്ക്, സീതക്കുഴി എന്നിവയും കൊല്ലമുള വില്ലേജിലെ നിലയ്ക്കൽ(നോർത്ത്), ഇടകടത്തി, കുറുമ്പൻമൂഴി, കരിക്കുളം എന്നിവയും പെരുനാട് വില്ലേജിലെ അട്ടത്തോട് എന്നിവയിലെയും സർവ്വെ പൂർത്തീകരിക്കാനുണ്ട്. |
| (എഫ്) സർവ്വെ പൂർത്തീകരിച്ച സ്ഥലങ്ങളുടെ പട്ടയം നൽകുന്നതിനും അവശേഷിച്ചവയുടെ സർവ്വെ പൂർത്തിയാക്കി പട്ടയം നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) സർവ്വെ പൂർത്തീകരിച്ച സ്ഥലങ്ങളിലെ കൈവശക്കാർക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. അവശേഷിച്ചവയുടെ സർവ്വെ ത്വരിതപ്പെടുത്തുവാൻ സർവ്വെ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(handwritten name)

(signature)

സെക്ഷൻ ഓഫീസർ